**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2116** **30-07-2021 - ൽ മറുപടിയ്ക്ക്**

**സ്വയംതൊഴിൽ വായ്പകളുടെ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ലോക്ക്ഡൗൺ മൂലം സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാത്തതിനാൽ പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന അനുവദിച്ചിരുന്ന സ്വയംതൊഴിൽ വായ്പകളുടെ തിരിച്ചടവ് പലർക്കും മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന സ്വയംതൊഴിൽ സബ്ലിഡി പദ്ധതി പ്രകാരം വായ്പ ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും തിരിച്ചടവ് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വായ്പകൾ നൽകുന്നില്ല. |
| (ബി) | തിരിച്ചടവിൽ കുടിശ്ശിക വന്നാൽ വായ്പകളിന്മേൽ ലഭിക്കേണ്ട സബ്സിഡി നഷ്ടപ്പെടുമെന്നതിനാൽ പ്രസ്തുത സബ്സിഡി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സ്വയംതൊഴിൽ സബ്ലിഡി പദ്ധതി പ്രകാരം വായ്പ ലഭിക്കേണ്ട ഗുണഭോക്താക്കൾ സംരംഭം ആരംഭിച്ചതായി ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡിയ്ക്കായി ബന്ധപ്പെട്ട ബ്ലോക്ക്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ/പട്ടികജാതി വികസന ഓഫീസർമാർ ശുപാർശ ചെയ്യുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾക്കാണ് വായ്പയുടെ 1/3 ഭാഗം തുക നൽകുന്നത്. ശേഷിക്കുന്ന തുക മാത്രമേ ഗുണഭോക്താവിന് വായ്പായിനത്തിൽ ബാദ്ധ്യതയായുള്ളൂ. ആയതിനാൽ, ടി പദ്ധതിപ്രകാരം സംരംഭം ആരംഭിച്ച് പ്രവർത്തിച്ചു വരുന്ന ഗുണഭോക്താക്കളുടെ സബ്ലിഡി വിഹിതം നഷ്ടമാകുന്നില്ല. |

സെക്ഷൻ ഓഫീസർ